**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പുതിയ ട്രഷറികളുടെ കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത ട്രഷറികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയും ഷൊർണ്ണൂർ സബ്ട്രഷറിയുമാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിലെ പുതുതായി നിർമ്മിക്കുന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കായി നടന്നു വരികയാണ്. നിലവിൽ കെട്ടിടത്തിന്റെ ഒന്ന്, രണ്ട് നിലകളുടെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പാർട്ടീഷൻ ജോലികൾ പുരോഗമിക്കുന്നു. സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ട്രഷറി വകുപ്പ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഷൊർണ്ണൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ